**ഉത്തരങ്ങൾ**

1.

- അസംസ്കൃത സാധനങ്ങളുടെ ലഭ്യത
- ജലത്തിന്റെ ലഭ്യത
- മാനവവികസനശേഷി
- ഊർജ്ജവിഭവങ്ങളുടെ ലഭ്യത
- ഗതാഗത വാർത്താവിനിമയ സൗകര്യങ്ങൾ
- അനുകൂല ഭൂസവിശേഷതകൾ

2.

| എ | ബി |
|---|---|
| കോപ്പർനിക്കസ് | ഹീലിയോസെൻട്രിക്ക് തിയറി |
| സർ ഐസക് ന്യൂട്ടൻ | പ്രിൻസിപ്പിയ മാത്തമാറ്റിക്ക |
| ഗലീലിയോ ഗലീലി | ടെലസ്കോപ്പ് |
| കാൾ ലിനയസ് | ആധുനിക പരിസ്ഥിതി ശാസ്ത്രത്തിന്റെ പിതാവ് |

3. ആയുർദൈർഘ്യം, സാക്ഷരത, സ്കൂളുകളിലെ പ്രവേശനാംഗത്വം, ആളോഹരി വരുമാനം എന്നിവയാണ് മാനവവികസനസൂചിക അളക്കുന്നതിനുള്ള ഘടകങ്ങൾ. ഓരോ ഘടകത്തിന്റെയും ശരാശരിമൂല്യം കണക്കിലെടുക്കുമ്പോൾ മാനവവികസനസൂചിക ലഭിക്കുന്നു. ആയുർദൈർഘ്യം വർദ്ധിപ്പിച്ചും, ആളോഹരിവരുമാനം വർദ്ധിപ്പിച്ചും ഇന്ത്യയ്ക്ക് മാനവവികസനസൂചിക ഉയർത്താവുന്നതാണ്.

4. രാജഭരണത്തിൻമേൽ പാർലമെന്റിന്റെ പരമാധികാരം ഉറപ്പിക്കുന്ന നിയമനിർമ്മാണമായിരുന്നു 1689 ൽ ഇംഗ്ലണ്ടിൽ പാസ്സാക്കിയ ബിൽ ഓഫ് റൈറ്റ്സ്. ഇതിനെ തുടർന്ന് മതസ്വാതന്ത്ര്യവും അഭിപ്രായസ്വാതന്ത്ര്യവും അനുവദിക്കപ്പെട്ടു. അപ്പോഴും ആംഗ്ലിക്കൻ സഭയിലെ അംഗങ്ങൾക്ക് മാത്രമേ അധികാരത്തിൽ അവരോധിക്കപ്പെടാൻ അർഹതയുണ്ടായിരുന്നുള്ളൂ. ജനാധിപത്യം അതിന്റെ പൂർണ്ണരൂപത്തിൽ സ്ഥാപിക്കാൻ

Smartindia.net.in

കഴിഞ്ഞില്ലെങ്കിലും ജനങ്ങൾക്ക് സ്വാതന്ത്ര്യവും പാർലമെന്റിന് അധികാരവും ലഭിച്ച ഒരു നിയമനിർമ്മാണമായിരുന്നു അത്.

5. പ്രത്യക്ഷ ജനാധിപത്യത്തിന്റെ നാല് മാർഗ്ഗങ്ങളാണ് റഫറണ്ടം, റീക്കാൾ , ഇനിഷ്യേറ്റീവ് , പ്ലെബിസൈറ്റ് എന്നിവ.

**റഫറണ്ടം**:- ജനഹിതം അറിയിക്കുന്നതിനുള്ള ഹിതപരിശോധനയാണ് റഫറണ്ടം. ജനങ്ങൾ, സർക്കാർ തീരുമാനങ്ങൾ ചർച്ചയ്ക്ക് വിധേയമാക്കുകയും അവരുടെ താത്പര്യങ്ങൾ അറിയിക്കുകയും ചെയ്യുന്നു.

**റീക്കാൾ**:- കാലാവധി അവസാനിക്കുന്നതിനു മുൻപ് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെ തിരിച്ചു വിളിക്കാനുള്ള ജനങ്ങളുടെ അവകാശത്തെയാണ് റീക്കാൾ എന്ന് പറയുന്നത്. ജനഹിതത്തെ മാനിക്കാതെയുള്ള പെരുമാറ്റങ്ങൾ നടത്തുന്നവരെ ഇത്തരത്തിൽ തിരിച്ചു വിളിക്കുന്നു.

**ഇനിഷ്യേറ്റീവ്**:- നിയമനിർമ്മാണത്തിൽ ജനങ്ങളുടെ നേരിട്ടുള്ള പങ്കാളിത്തം ഉറപ്പാക്കുന്ന രീതിയാണിത്. ഒരു നിശ്ചിത എണ്ണം അംഗങ്ങളുടെ അഭിപ്രായങ്ങൾ കണക്കിലെടുത്തായിരിക്കും നിയമനിർമ്മാണം.

**പ്ലെബിസൈറ്റ്** :- രാഷ്ട്രീയ കാര്യങ്ങളിൽ ജനങ്ങൾ അവരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നു. പൊതുവായ പ്രശ്നങ്ങളിൽ ജനങ്ങളുടെ അഭിപ്രായങ്ങൾ വോട്ടിംഗിലൂടെ കണ്ടെത്തുന്നു. ഇതെല്ലാം പ്രത്യക്ഷ ജനാധിപത്യ രീതികളായതിനാൽ മറ്റേതൊരു വ്യവസ്ഥയെക്കാളും മെച്ചമാണ്, ജനങ്ങളുടെ മുഴുവൻ നേരിട്ടുള്ള പങ്കാളിത്തം എല്ലാവർക്കും തുല്യത ഉറപ്പുവരുത്തുന്നു.

6. എ) ഭൗമോപരിതല വിവരങ്ങൾ നേരിട്ട് ശേഖരിക്കുന്നു.

7. എ) കൃഷിയും അനുബന്ധപ്രവർത്തനങ്ങളും

ബി ) വനപരിപാലനം

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ പ്രകൃതിയിൽ നിന്ന് നേരിട്ട് ലഭിക്കുന്ന വിഭവങ്ങൾ ഉപയോഗിച്ചാണ് നടത്തുന്നത്. മനുഷ്യരാശിയുടെ നിലനിൽപ്പിന് ഈ പ്രവർത്തനങ്ങൾ അനിവാര്യമാണ്. അതിനാൽ ഇവ പ്രാഥമിക മേഖലയിലെ പ്രവർത്തനങ്ങളായി പരിഗണിക്കപ്പെടുന്നു.

8. ചൂഷണത്തിനായി സാമ്രാജ്യത്വശക്തികൾ പലതരത്തിലുള്ള തന്ത്രങ്ങൾ സ്വീകരിച്ചിട്ടുണ്ട്. കോളനികളിലെ വിമോചനപ്രസ്ഥാനങ്ങളെ അവർ അടിച്ചമർത്തി. കോളനിനിവാസികളിൽ നിന്ന് നികുതി പിരിച്ചെടുത്തും, ഭരണപരവും നീതിന്യായപരവുമായ സംവിധാനങ്ങൾ ഉപയോഗിച്ച് പ്രയാസപ്പെടുത്തിയും സാമ്രാജ്യത്വ ശക്തികൾ കോളനിക്കാരെ ചൂഷണത്തിന് വിധേയമാക്കി. പോലീസിനെ ഉപയോഗിച്ചും, ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വം ഉപയോഗിച്ചും ജനങ്ങളെ

Smartindia.net.in

പരമാവധി ബുദ്ധിമുട്ടിച്ചു. സാഹിത്യം, കല, വിദ്യാഭ്യാസ സമ്പ്രദായം തുടങ്ങിയവയെ നിരുൽസാഹപ്പെടുത്തുകയും നശിപ്പിക്കുകയും ചെയ്തു.

ഇന്ത്യയിലും ചൈനയിലും ഈ തന്ത്രങ്ങൾ സാമ്രാജ്യത്വശക്തികൾ പ്രയോഗിച്ചു. പതിനെട്ടാം നൂറ്റാണ്ടോടെ ഇന്ത്യയിൽ മുഗൾ ഭരണം ദുർബലമാവുകയും മറ്റു രാജ്യങ്ങൾ ശക്തിഹീനമാകുകയും ചെയ്തു. ഈ അവസരം യൂറോപ്യൻ ശക്തികൾ തക്കത്തിൽ പ്രയോജനപ്പെടുത്തി. ഈ സ്ഥലങ്ങളിലെ ആഭ്യന്തരകാര്യങ്ങളിൽ അവർ ഇടപെട്ടു. കർണാട്ടിക് യുദ്ധങ്ങൾ എന്ന പേരിലാണ് ഈ യുദ്ധങ്ങൾ അറിയപ്പെടുന്നത്. ഈ യുദ്ധങ്ങളിൽ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയാണ് വിജയിച്ചത്. ചരിത്രപ്രസിദ്ധമായ പ്ലാസി, ബക്സാർ യുദ്ധങ്ങളിലൂടെ ബംഗാളിന്റെ ഭരണം ബ്രിട്ടീഷുകാർ പിടിച്ചെടുത്തു. കൂടാതെ ഈ പ്രദേശങ്ങളെ ആക്രമിച്ചു കീഴടക്കി, ദിവാനി പിരിച്ചെടുക്കാനുള്ള അവകാശവും ബ്രിട്ടീഷുകാർ നേടിയെടുത്തു. സൈനിക സഹായവ്യവസ്ഥയിലൂടെ ചില നാട്ടുരാജ്യങ്ങൾ ബ്രിട്ടീഷിന്ത്യയോടു കൂട്ടിച്ചേർത്തു. ഇങ്ങനെ 1856 ഓടെ ഇന്ത്യാ ഉപദ്വീപിലെ മിക്ക സ്ഥലങ്ങളും, ബർമ ഉൾപ്പെടെയുള്ള സ്ഥലങ്ങളും ബ്രിട്ടീഷ് അധീനതയിലായി.

ചൈനയിലും പതിനാറാം നൂറ്റാണ്ടു മുതൽ സാമ്രാജ്യത്വ ശക്തികൾ അവരുടെ പിടിമുറുക്കാൻ തുടങ്ങി. സാമ്രാജ്യത്വ ശക്തികൾ ചൈനയുമായി വ്യാപാരബന്ധങ്ങൾ നടത്താൻ ആഗ്രഹിച്ചെങ്കിലും ചൈന അതിനു തയ്യാറായില്ല. ചൈനയിൽ ആധിപത്യം സ്ഥാപിക്കാൻ സാമ്രാജ്യത്വശക്തികൾ ചില കുടില തന്ത്രങ്ങൾ ഉപയോഗിച്ചു. അവർ ചൈനയിലേയ്ക്ക് കറുപ്പ് കടത്തി അയച്ചു. കറുപ്പ് വ്യാപാരത്തിലൂടെ ബ്രിട്ടീഷുകാർ ധനികരായി. പക്ഷെ ചൈനയിലെ അവസ്ഥ പരിതാപകരവുമായി. ചൈന കറുപ്പ് ഇറക്കുമതി ചെയ്യുന്നത് നിരോധിച്ചു. ഇത് കറുപ്പ് യുദ്ധത്തിൽ കലാശിച്ചു. ചൈനയുടെ പരാജയത്തോടെ ബ്രിട്ടീഷുകാർ അവിടെ അധിനിവേശം ഉറപ്പിച്ചു. ചൈനയും ഒരു കോളനിയായി മാറി.

അല്ലെങ്കിൽ (or)

സാമ്രാജ്യത്വ അധിനിവേശത്തിന്റെയും കോളനീകരണത്തിന്റെയും അത്യാർത്തിയുടെ ഉദാഹരണങ്ങളാണ് ആഫ്രിക്കയുടെ വീതം വയ്പ്പും ബാൾക്കൻ പ്രതിസന്ധിയും.

സാമ്രാജ്യത്വശക്തികൾ കൂടുതൽ സ്ഥലങ്ങളെ അവരുടെ ഭരണ നിയന്ത്രണത്തിലേയ്ക്ക് കൊണ്ടുവരാൻ ആഗ്രഹിച്ചു. ഇതിന്റെ ഫലമായുണ്ടായതാണ് ബാൾക്കൻ പ്രതിസന്ധി. ബാൾക്കൻ ഉപദ്വീപ് തുർക്കി സാമ്രാജ്യത്തിന്റെ ഒരു ഭാഗമായിരുന്നു. പത്തൊൻപതാം നൂറ്റാണ്ടോടെ തുർക്കി ഭരണം ദുർബലമായി. ഓട്ടോമൻ സാമ്രാജ്യത്തിലെ ചില സ്ഥലങ്ങളെ ബ്രിട്ടൻ, ജർമ്മനി, റഷ്യ, ആസ്ട്രിയ, ഇറ്റലി, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങൾ അവരോടു കൂട്ടിച്ചേർക്കാൻ ശ്രമിച്ചു. റഷ്യയുടെ ഈ ശ്രമം പാശ്ചാത്യ യൂറോപ്യൻ രാജ്യങ്ങൾ ഭയത്തോടെ നോക്കിക്കണ്ടു. ശക്തി സന്തുലനാവസ്ഥയിൽ ഉണ്ടാകുമായിരുന്ന വ്യത്യാസം വിവിധ സമരങ്ങൾക്ക് വഴി തെളിച്ചു.

Smartindia.net.in

ആഫ്രിക്കയിൽ പത്തൊൻപതാം നൂറ്റാണ്ടിന്റെ മധ്യത്തോടെ അടിമ വ്യാപാരത്തിന്റെ ശക്തി കുറഞ്ഞു. ഇതേ തുടർന്ന് യൂറോപ്യൻ ശക്തികൾ അവരുടെ വ്യാപാരത്തിനാവശ്യമായ അസംസ്കൃതവസ്തുക്കൾ ആഫ്രിക്കയിൽ നിന്നും ശേഖരിക്കാൻ തുടങ്ങി. ഇത് ആഫ്രിക്കയുടെ വിഭജനത്തിലാണ് കലാശിച്ചത്. യൂറോപ്യൻ ശക്തികൾ ഇപ്രകാരം ആഫ്രിക്കയെ വീതം വച്ചു.

9.




10. ബാങ്കുകളും അതുപോലെയുള്ള ധനകാര്യസ്ഥാപനങ്ങളും നിക്ഷേപം സ്വീകരിക്കുകയും ആവശ്യക്കാർക്ക് പണം വായ്പയായി നൽകുകയും ചെയ്യുന്നു. പണം സൂക്ഷിക്കാനും അത് ആവശ്യക്കാർക്ക് നൽകുവാനുമായി ബാങ്കുകൾ ശ്രമിക്കുന്നത് കൊണ്ട് അവയെ ധനകാര്യ ഇടനിലക്കാർ എന്ന് വിളിക്കുന്നു.

11. വെഴ്സായി സന്ധിയിലെ വ്യവസ്ഥകൾ ജർമ്മനിയെ പല വിധത്തിൽ ദോഷകരമായി ബാധിച്ചു.

- ജർമ്മൻ കോളനികളും അതിന്റെ അധീനതയിലുള്ള പ്രദേശങ്ങളും വിജയിച്ച രാജ്യങ്ങൾ പങ്കിട്ടെടുത്തു.
- വലിയ നഷ്ടപരിഹാരം ജർമ്മനിയിൽ നിന്ന് ഈടാക്കി.
- ജർമ്മനിയെ നിരായുധീകരിച്ചു

12. ഭൂമിയിൽ എല്ലായിടത്തും അന്തരീക്ഷമർദ്ദം ഒരു പോലെയല്ല. അതിനുള്ള കാരണങ്ങൾ

- ഊഷ്മാവ്
- ഭൂമിയിൽ നിന്നുള്ള ഉയരം
- ആർദ്രത എന്നിവയാണ്

13. അന്താരാഷ്ട്ര തലത്തിലുള്ള വ്യാപാര വാണിജ്യമേഖലയിൽ ക്വാട്ട, താരിപ്പ് എന്നിവയുടെ രൂപത്തിലുള്ള

Smartindia.net.in

എല്ലാത്തരം തടസ്സങ്ങളേയും നീക്കിക്കൊണ്ട് ഒരു സ്വതന്ത്ര വ്യാപാരം സൃഷ്ടിക്കുന്നതിനായി ഉണ്ടാക്കുന്ന കരാറാണ് സ്വതന്ത്ര വ്യാപാരക്കരാർ. ശ്രീലങ്ക(1998), തായ്ലൻഡ് (2003) എന്നീ രാജ്യങ്ങളുമായി ഇന്ത്യ ഇത്തരം കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

14. ദക്ഷിണാഫ്രിക്കയുടെ ദേശീയ സമരത്തിനു നേതൃത്വം നൽകിയ വ്യക്തിയാണ് നെൽസൺ മണ്ടേല. ഈ സമരം വിജയിച്ചു. ആഫ്രിക്കൻ നാഷണൽ കോൺഗ്രസ് അധികാരത്തിലേറി, വെള്ളക്കാർ കറുത്ത വർഗ്ഗക്കാർക്ക് ഭരണം കൈമാറേണ്ടിവന്നു.

15. അന്റാർട്ടിക്കയുടെ ഭൗതിക സവിശേഷതകൾ ഏഷ്യയുടേതിൽ നിന്ന് വ്യത്യസ്തമാണ്. അന്റാർട്ടിക്കയുടെ കൂടുതൽ പ്രദേശങ്ങളും 2100 മുതൽ 2400 മീറ്റർ വരെ സമുദ്രനിരപ്പിൽ നിന്നും ഉയർന്നു കിടക്കുന്നു. കിഴക്കൻ അന്റാർട്ടിക്ക ഒരു മഞ്ഞുമൂടിയ പ്രദേശമാണ്. എന്നാൽ പടിഞ്ഞാറൻ അന്റാർട്ടിക്ക ആയിരക്കണക്കിന് മഞ്ഞു മൂടിയ ദ്വീപുകളായിട്ടാണ് കാണപ്പെടുന്നത്. അന്റാർട്ടിക്ക മഞ്ഞുമൂടിയ പാളികളാൽ നിബിഢമായിരുന്നു. സജീവ അഗ്നിപർവ്വതങ്ങളും ഇവിടെയുണ്ട്.

16. മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിൽ കോടതികളിൽ നിന്നും വ്യതസ്തമായ മാർഗ്ഗമാണ് മനുഷ്യാവകാശ കമ്മിഷനുകൾ സ്വീകരിക്കുന്നത്. ഇന്ത്യയിൽ മനുഷ്യാവകാശ സംരക്ഷണനിയമം 1993 ൽ നിലവിൽ വന്നു. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതലത്തിലും ദേശീയതലത്തിലും മനുഷ്യാവകാശ സംരക്ഷണത്തിനായി കമ്മിഷനുകൾ നിലവിൽ വന്നു.

**കമ്മിഷന്റെ അധികാരങ്ങൾ**

- പൗരന്മാരുടെ അവകാശം സംരക്ഷിക്കുക
- പൗരാവകാശങ്ങളെ ധ്വംസിക്കുന്ന നിയമങ്ങൾ പുനരവലോകനം ചെയ്യുക
- ഭരണക്രമീകരണങ്ങളിൽ പരിഷ്കരണം കൊണ്ടു വരിക.
- ജയിലിലെ അതിക്രമങ്ങൾ തടയുക.
- പട്ടികജാതി, പട്ടികവർഗ്ഗങ്ങളുടെ അവകാശങ്ങളിൽ ഉള്ള ലംഘനങ്ങൾ തടയുക
- കുട്ടികളുടെയും സ്ത്രീകളുടെയും അവകാശങ്ങൾ സംരക്ഷിക്കുക.

17. ആൽഫ്രഡ് ലോഡ് ടെന്നിസൻ, മാത്യു അർനോൾഡ് , റോബർട്ട് ബ്രൗണിംഗ് തുടങ്ങിയ കവികൾ യഥാർത്ഥവാദത്തിന്റെ വക്താക്കളാണ്. വൈകാരികതയുടെ അടിസ്ഥാനത്തിനല്ല, വസ്തുക്കളുടെ യഥാർത്ഥ ചിത്രീകരണത്തിനാണ് ഇവർ പ്രാധാന്യം നൽകിയിരിക്കുന്നത്. റൊമാന്റിസത്തിന് എതിരാണ് ഈ റിയലിസ്റ്റ്

Smartindia.net.in

പ്രസ്ഥാനം .ഭാവനയുടെ സ്വാധീനതയിൽ നിന്നും അകന്ന് വസ്തുതകളെ അതിന്റെ ഉള്ള അവസ്ഥയിൽ പ്രതിപാദിക്കുന്ന രീതിയാണിത്.

18. വിലക്കയറ്റം ഉണ്ടാകുന്നതിനുള്ള രണ്ടു കാരണങ്ങൾ

എ )പണത്തിന്റെ വർദ്ധനവും സാധനത്തിന്റെ വിലവർദ്ധനവും

ബി) ഉല്പാദനത്തിന്റെ കുറവ്

ഇന്ത്യയിൽ റിസർവ് ബാങ്ക് ആണ് വിലക്കയറ്റം നിയന്ത്രിക്കാൻ ചുമതപ്പെടുത്തിയിട്ടുള്ള ഏജൻസി.

19. അന്തരീക്ഷത്തിൽ ക്രമാതീതമായി കാർബൺ ഡൈ ഓക്സൈഡ് വർദ്ധിക്കുമ്പോൾ അത് മഴവെള്ളത്തിൽ ലയിക്കുകയും കാർബോണിക് ആസിഡ് ആയി മാറുകയും ചെയ്യുന്നു. ഈ ജലം സമുദ്രത്തിൽ എത്തിചേരുമ്പോൾ ജലത്തിലെ അമ്ലാംശം കൂടുന്നു. ഇതാണ് അമ്ലവൽക്കരണത്തിന് ഇടയാക്കുന്നത്. സമുദ്രത്തിൽ അമ്ലവൽക്കരണം ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ

- പോളിപ്പുകൾ , പവിഴനിരകൾക്ക് ആധാരമായ ജീവികൾ തുടങ്ങിയവ നശിച്ചുപോകുന്നു.
- നിലനിൽക്കുന്ന പവിഴ നിരകൾ ബ്ലീച്ചിംഗിന് വിധേയമാകുന്നു.
- ആൽഗകൾ ഈ നിരകളെ നശിപ്പിക്കുന്നു.

20.സ്വാതന്ത്ര്യാനന്തരം ഇന്ത്യ ഒരു മിശ്രസമ്പദ്‌വസ്ഥയാണ് വിഭാവനം ചെയ്തത്. മുതലാളിത്തത്തിന്റെയും സോഷ്യലിസത്തിന്റെയും ഒരു മിശ്രണമായിരുന്നു ഇത്. പൊതുമേഖലയെ ശക്തിപ്പെടുത്തുക എന്ന ആശയത്തിന് മുൻഗണന നൽകി. എന്നാൽ 1991 ഓടെ ഈ നയത്തിന് വ്യതിയാനം സംഭവിച്ചു. സോവിയറ്റ് റഷ്യയുടെ തകർച്ചയും, സോഷ്യലിസ്റ്റ് ചേരിയുടെ തിരോധാനവും ഒരു നയംമാറ്റത്തിന് പ്രേരണ നൽകി. അമേരിക്കയുടെ സാമ്രാജ്യത്വ ചേരിക്ക് അനുകൂലമായ നിലപാടുകൾ കൈക്കൊള്ളപ്പെട്ടു . സ്വകാര്യ മൂലധനനിക്ഷേപം പൊതുമേഖലയിൽ വർദ്ധിച്ചു. പല മേഖലകളും സ്വകാര്യമേഖലയ്ക്ക് വിറ്റു. വിദേശമൂലധനം സ്വാഗതം ചെയ്യപ്പെട്ടു. ഇത് ഉദാരവൽക്കരണത്തിൽ എത്തിച്ചേർന്നു.

21. ഇന്ത്യയിൽ നഗരവൽക്കരണം വർദ്ധിച്ചു വരുന്നു. ഇത് കൊണ്ട് നിരവധി പ്രശ്നങ്ങൾ ഉണ്ടാകുന്നു.

- ഗതാഗതക്കുരുക്ക്
- ചേരി പ്രദേശങ്ങളുടെ വർദ്ധനവ്
- പരിസ്ഥിതി പ്രശ്നങ്ങൾ

Smartindia.net.in

- ഭവനരഹിതരുടെ എണ്ണത്തിലുള്ള വർദ്ധനവ്
- പട്ടിണി
- ലഹളകൾ

22. ഗുരുവായൂർ സത്യാഗ്രഹം സാമൂഹിക അസമത്വം കുറയ്ക്കുന്നതിന് രൂപം നൽകിയ ഒന്നാണ്. ഹിന്ദുക്കളിലെ താഴ്ന്ന വർഗ്ഗക്കാർക്ക് ഗുരുവായൂർ ക്ഷേത്രത്തിൽ പ്രവേശിക്കുന്നതിന് അനുമതി ഇല്ലായിരുന്നു. എല്ലാ ഹിന്ദുക്കൾക്കും ക്ഷേത്രപ്രവേശനം ലഭിക്കുന്നതിനായി 1931-ൽ ഒരു സത്യാഗ്രഹം സംഘടിപ്പിച്ചു. ജാഥകൾ, പൊതുയോഗങ്ങൾ ഇവ നടത്തപ്പെട്ടു. കെ.കേളപ്പൻ, എ.കെ.ഗോപാലൻ, പി.കൃഷ്ണപിള്ള , റ്റി.സുബ്രമണ്യൻ തുടങ്ങിയവരും നേതൃത്വം നൽകി. മഹാത്മാഗാന്ധി ഇടപെട്ടതിനെത്തുടർന്ന് സമരം നിർത്തിവച്ചു. 1936-ലെ ക്ഷേത്രപ്രവേശന വിളംബരത്തിന് വഴിതെളിച്ചത് ഇതാണ്.

23. എ) വെള്ളപ്പൊക്കത്തിന്റെ ഫലമായി ഉണ്ടായ കൃഷിനാശത്തിന്റെ വ്യാപ്തി അറിയാൻ- വിദൂര സംവേദനം

ബി) റോഡ് നിർമ്മാണം മൂലം നഷ്ടമാകുന്ന വനഭൂമിയുടെ വിസ്തൃതി കണ്ടെത്താൻ- ജോഗ്രഫിക്ക് ഇൻഫോർമേഷൻ സിസ്റ്റം

24. കേന്ദ്രസർക്കാർ- കസ്റ്റംസ് ഡ്യൂട്ടി

സംസ്ഥാനസർക്കാർ- വിൽപ്പന നികുതി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ- തൊഴിൽ നികുതി

25.പലതരത്തിലുള്ള സമുദായങ്ങളുടെ ഒരു കൂട്ടമാണ് സമൂഹം. അവർ ഒരു ഭൂമിശാസ്ത്ര വിഭാഗത്തിലായിരിക്കും. എന്നാൽ ഒരു പ്രദേശത്ത് അധിവസിക്കുന്ന ഒരു കൂട്ടം ആളുകളെയാണ് ഒരു സമുദായം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് . അവർ ഭൂമിശാസ്ത്ര അതിർത്തിക്കുള്ളിൽ ഒതുങ്ങി നിൽക്കുന്നില്ല.

26. മഴയുടെ വിതരണത്തിലെ അസന്തുലിതാവസ്ഥയ്ക്ക് ഉള്ള കാരണങ്ങൾ

സമുദ്രസാമീപ്യം , പർവ്വതനിരകളുടെ കിടപ്പ്, കാറ്റിന്റെ ദിശ, കരപ്രദേശത്തിന്റെ വ്യാപ്തി.

27.രണ്ടാം ലോകമഹായുദ്ധാനന്തരം ലോകം രണ്ടു ധ്രുവങ്ങളിലേയ്ക്ക് മാറി. അപ്രകാരം സോവിയറ്റ് യൂണിയൻ നേതൃത്വം കൊടുത്ത സോഷ്യലിസ്റ്റ് ചേരി, അമേരിക്ക നേതൃത്വം നൽകിയ മുതലാളിത്ത ചേരി എന്നിങ്ങനെ രണ്ടു ശാക്തിക ചേരികൾ ഉദയം ചെയ്തു. ഇവർ തമ്മിൽ ഒരു ശീതസമരം നിലനിന്നു. ഈ ഒരു സാഹചര്യത്തിൽ

Smartindia.net.in

പുതുതായി സ്വാതന്ത്ര്യം നേടിയ ഏഷ്യ, ആഫ്രിക്ക, തെക്കേ അമേരിക്ക എന്നീ അവികസിത പ്രദേശങ്ങളിലെ രാജ്യങ്ങൾ ഈ ശാക്തിക ചേരികളിൽ നിന്ന് അകന്ന് നിൽക്കുകയും അവരുടെ രാജ്യത്തിന്റെ വികസനത്തിന് വേണ്ടി നിലകൊള്ളുകയും ചെയ്തു.സമാധാനത്തിനു വേണ്ടി നിലകൊണ്ട ഈ രാജ്യങ്ങൾ രൂപം കൊടുത്ത പ്രസ്ഥാനമാണ് ചേരിചേരാ പ്രസ്ഥാനം.

28. മനുഷ്യൻ ഒരു സാമൂഹിക ജീവിയാണ്. അവന് സ്വതന്ത്രമായ ഒരു നിലനിൽപ്പില്ല. മനുഷ്യൻ ഒരു കുടുംബത്തിലെ അംഗമെന്ന നിലയിൽ കുടുംബബന്ധം കാത്തുസൂക്ഷിക്കുന്നു. അവന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതു സമൂഹത്തിലെ മറ്റ് അംഗങ്ങളുമായി ബന്ധപ്പെട്ടാണ്. സാമൂഹ്യബന്ധങ്ങളാണ് ഒരുവനെ പൂർണ്ണനാക്കി മാറ്റുന്നത്. ഒരു മനുഷ്യനും തനിയെ ഒരു ജീവിതം നയിക്കാൻ സാധ്യമല്ല.

29.**ചക്രവാതങ്ങൾ:-** ചക്രവാതങ്ങൾ ട്രോപ്പോസ്ഫിയറിലാണ് രൂപപ്പെടുന്നത്. അത് ചുഴലിയായി ശക്തമായി വീശുന്നു. ഇത് ശക്തമായ ഒരു ന്യൂനമർദ്ദ വ്യവസ്ഥയാണ്. ചക്രവാതങ്ങളുടെ മധ്യത്തിൽ ന്യൂന മർദ്ദമാണ്.

**പ്രതിചക്രവാതങ്ങൾ** :- അന്തരീക്ഷത്തിൽ കാണപ്പെടുന്ന ഒരു അസ്ഥിരവാതമാണിത്. ഇത് ഒരു ഉച്ചമർദ്ദ വ്യവസ്ഥയാണ്. മധ്യത്തിൽ ഉച്ചമർദ്ദവും ചുറ്റും ന്യൂന മർദ്ദവും.

Smartindia.net.in